# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 06.02.2015

## (15 RABI'UL AAKHIR 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

### ദൈവദൂതൻമാർ, എല്ലാ രാജ്യങ്ങളിലും / ജനതകളിലും / ALL NATIONS RECEIVED PROPHETS OF GOD

സലാമിനുശേഷം തശഹ്ഹുദ്, തഅവ്വ്ദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

**"ഒരു ദൈവീക മുന്നറിയിപ്പുകാരൻ വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല."** 32:25

എല്ലാ ജനതയ്ക്കും ദൈവീക വെളിപാടുകൾ ലഭിച്ചിട്ടുണ്ട്. ദൈവീക മനുഷ്യനും സാധാരണ മനുഷ്യനും തമ്മിൽ ബന്ധിപ്പിക്കുന്ന ഘടകം ഏതാണ്. മനുഷ്യനും മനുഷ്യനുമിടയിൽ നിലനിൽക്കുന്ന ആ ഘടകം എന്താണ് ? മറ്റൊരു വാക്കിൽ പറഞ്ഞാൽ, ദൈവീക വെളിപാടുകൾ ലഭിക്കുന്ന ജനതയാരാണ് ? എന്ത് തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവം അവരെ ആ ജനതയെ ദൈവീക വെളിപാടുകൾ നൽകുവാനായി തെരഞ്ഞെടുക്കുന്നത്. ഇത് ഒരു വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താതെ വാഗ്ദത്ത മസീഹ് തുടങ്ങി വച്ച പരിഷ്ക്കാര നടപടികൾ; ദൈവവുമായി ബന്ധപ്പെട്ട മറ്റ് ചോദ്യങ്ങൾ; പൂർത്തിയാവുകയില്ല. ഈ ചോദ്യത്തിന് ഉത്തരമായി അദ്ദേഹം ചൂണ്ടി കാട്ടുന്നത് ദൈവം മുഴുപ്രപഞ്ചത്തിന്റെയും രക്ഷിതാവാണ്. അവന്റെ മാർഗ്ഗദർശനം ഒരു പ്രത്യേക ജനതയ്ക്കായി മാത്രം നീക്കി വെച്ചിട്ടില്ല. മാനവ കുലത്തിന്റെ ആകമാനമുള്ള രക്ഷകനെന്ന നിലയിൽ ; അവരെയെല്ലാവരെയും ചിന്തിക്കുവാനുള്ള മനസ്സുകൊണ്ട് രൂപപ്പെടുത്തിയിരിക്കുകയാണ്. ആയതിനാൽ അവൻ ഒരു ജനതയെയും അവന്റെ മാർഗ്ഗ നിർദ്ദേശത്തിൽ നിന്നും ഒഴിച്ചു നിറുത്തിയിട്ടില്ല. എന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ പറഞ്ഞ പോലെ **"ഒരു ദൈവീക മുന്നറിയിപ്പുകാരൻ വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല. "** 32:25

എല്ലാ കാലഘട്ടങ്ങളിലും എല്ലാ ജനതയ്ക്കിടയിലേക്കും ദൈവം തന്റെ ദൂതൻമാരെ നിയോഗിച്ചിട്ടുണ്ട്; സൂര്യൻ ലോകത്തെ ആകമാനം പ്രകാശിപ്പിക്കുന്നതുപോലെ, വെളിപാടുകളുടെ പ്രകാശം ഭൂമിയിലെ ഇരുണ്ട കോണുകളിൽ പോലും എന്നെന്നും പ്രകാശിപ്പിച്ചിട്ടുണ്ട്. ഇന്ന് ഒരു പ്രത്യേക ജനതയിൽ വെളിപാടുകളുടെ പ്രകാശം ഇന്ന് നമുക്ക് കണ്ടെത്തുവാൻ കഴിയുന്നില്ലെങ്കിൽ ; അവരുടെ ഇടയിൽ ദൈവദൂതൻമാർ വന്നിട്ടില്ലാ എന്നതല്ല അതിന്റെ അർത്ഥം മറിച്ച് സത്യം ഇതാണ്. ഈ ജനങ്ങൾ തങ്ങളുടെ ദേശീയ പൈതൃകങ്ങളെയും വിശ്വാസങ്ങളെയും തൃണവൽഗണിച്ചു. ഈ പ്രമാണത്തെ പിന്തുടർന്നാൽ, ശ്രീകൃഷ്ണന്റെയും ശ്രീരാമന്റെയും, ശ്രീബുദ്ധന്റെയും ഇന്ത്യയിലെ മറ്റ് പ്രവാചകമാരുടെയും, മറ്റെല്ലാ ലോക പ്രവാചകമാരുടെയും സന്ദേശവാഹകരുടെയും , പരിഷ്കർത്താക്കളുടെയും ആഗമനം സർവ്വശക്തനായ ദൈവത്തിൽ നിന്ന് ആണെന്ന് അത് സാക്ഷീകരിക്കും. അവരുടെ വാദങ്ങളെ തിരസ്ക്കരിക്കുക എന്നത്, ഒരർത്ഥത്തിൽ, ദൈവത്തിന്റെ സാർവ്വദേശീയ ദിവ്യപരിപാലനത്തെ അവഗണിക്കുന്നതിലേക്കാണ് നമ്മെ കൊണ്ടെത്തിക്കുന്നത്. എന്ത് കൊണ്ട് ചിലരെ സ്വീകരിക്കുന്നു ? മറ്റ് ചിലരെ സ്വീകരിക്കുന്നില്ല ? എല്ലാവരും ദൈവ സ്രോതസ്സിൽ നിന്നുള്ളവരാണെന്ന് എന്തുകൊണ്ട് അംഗീകരിക്കുന്നില്ല ? ഏതെങ്കിലും ഒരു മതത്തിലോ, മത വിഭാഗത്തിലോ ഉള്ള അധ്യാപനങ്ങളിൽ കണ്ടെത്തുവാൻ കഴിയാത്ത ഒരു തത്വമാണിത്. ഒരു വസ്തുത എന്ന നിലയിൽ, ജനങ്ങളിൽ ബഹുഭൂരിഭാഗവും വിശ്വസിക്കുന്നത് , അവരുടെ മതങ്ങളുടെ സ്ഥാപകരിൽ മാത്രം ദൈവീക വെളിപാടുകൾ പരിമിതപ്പെടുത്തപ്പെട്ടിരിക്കുകയാണ് എന്നാണ്. മറ്റ് മതവിഭാഗങ്ങളിലെ ജനങ്ങൾക്കും ദൈവീക വെളിപാടുകൾ ഉണ്ടാകാം എന്നു സമ്മതിക്കുന്നവർ പോലും, ആ മതത്തിന്റെ സ്ഥാപകരുടെ ഒരു വ്യക്തിപരമായ സമ്മാനമായി മാത്രം അതിനെ കാണുന്നു. മാനവകുലത്തിന് അവർ നൽകിയ സേവനങ്ങളെ പരിഗണിച്ച് അതവർക്ക് ലഭിക്കുന്നു. അല്ലാതെ ദൈവത്തിന്റെ പ്രപഞ്ച ദിവ്യപരിപാലന തത്വങ്ങളെ അംഗീകരിച്ചതിന്റെ പേരിലല്ല എന്നു സാരം.

വാഗ്ദത്ത മസീഹ് ഖുർ ആനിൽ നിന്നും വിശദീകരിച്ചിട്ടുണ്ട്. അതായത് ദൈവത്തിന്റെ വരിഷ്ഠ ദാസന്മാർ, അവർ മാനവകുലത്തിന് ചെയ്ത സേവനങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് ; എന്നാൽ ദൈവത്തിന്റെ ഗുണ വിശേഷങ്ങളും വാക്കുകളും , ഒരു വസ്തുത എന്ന നിലയിൽ എല്ലാ ജനതയും സാക്ഷ്യം വഹിച്ചിരിക്കുന്നു ; അവരുടെ പാരമ്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, പ്രവാചകനെ നിയോഗിച്ചി

ട്ടുണ്ട് എന്നതിലേക്ക് മതിയായ തെളിവാണ്. പ്രവാചകന്മാരിലൂടെ അവർക്ക് മാർഗ്ഗ ദർശനം നൽകപ്പെട്ടിട്ടുണ്ട്; അത് മാനവകുലത്തിന്റെ അവകാശമാണ് ; അത് ദൈവം ഒരിക്കലും അവഗണിച്ചിട്ടില്ല. ഈ തത്വം എല്ലാ ജനതയ്ക്കുമായി തുറക്കപ്പെട്ടതാണ് ; അതായത് ദൈവസ്നേഹത്തിന്റെ വാതിലുകൾ ! എല്ലാ മതങ്ങളുടെയും സ്ഥാപകരും സത്ചരിതരായ മതാനുയായികളും, ആരെയും നിന്ദിക്കാതെ, അവമാനിക്കാതെ ഏകചിത്തതയോടെ, മനപ്പൊരുത്തത്തോടെ മാനവകുലത്തിന്റെ ആന്തരിക ബന്ധത്തിന് അർഹമായ സ്ഥാനം കൽപ്പിച്ചിട്ടുണ്ട്.

ഇപ്പോൾ ചിന്തിക്കുക ; ഇസ്ലാം എത്ര സൗഭാഗ്യപൂർണ്ണമാണ് എന്ന് ! ഇസ്ലാമിന് ലഭിച്ച പ്രവാചകൻ, അദ്ദേഹത്തിന്റെ സത്ത പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ദൈവബോധനത്തിലൂടെ വെളിവാക്കപ്പെട്ടിരിക്കുന്നു. ഒരു മതമെന്ന നിലയിൽ അത് പ്രയോഗവൽകരിക്കപ്പെട്ടിരിക്കുന്നു. മാനവകുലത്തിനാകമാനം അത് ഒരു ജീവിത വഴിയായി കാണിച്ചിരിക്കുന്നു. മുൻ കഴിഞ്ഞ എല്ലാ പ്രവാചകമാരെയും അത് ആദരിച്ചിരിക്കുന്നു ; വരുംകാല പ്രവാചകമാരെയും ആദരിച്ചിരിക്കുന്നു ; അത് പരിപൂർണ്ണമായും ഇസ്ലാമിന് വേണ്ടി ആയിരിക്കും ! പ്രവാചകമാരിൽ വച്ച് ഏറ്റവും വിശുദ്ധനാക്കപ്പെട്ടവനും, ഏറ്റവും മഹത്വമുടയവനും എല്ലാ പ്രവാചകമാരുടെയും മുദ്രയുമായ മുഹമ്മദ് (സ) ! (പ്രവാചക ശ്രേഷ്ഠനായി മാനവകുല വഴികാട്ടിയായി സർവ്വരേയും ആദരിച്ച് നിലകൊള്ളുന്നു.)

ഇസ്ലാമിന്റെ സൗന്ദര്യം വീണ്ടും പ്രകാശിപ്പിക്കുവാനാണ് വാഗ്ദത്ത മസീഹ് മിർസാഗുലാം അഹ്മദ് (അ) ആഗതരായത്. അദ്ദേഹത്തിന്റെ അതിശയകരമായ ബന്ധം ! അല്ലാഹുവും വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) മായി ! വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ഇല്ലാതെ തനിക്ക് പ്രവാചകത്വം ലഭിക്കുമായിരുന്നില്ല എന്ന് വാദിച്ച മഹ്ദീമസീഹ് ! വിശുദ്ധ ഖുർആന്റെ നിയമങ്ങളെ മാറ്റുന്ന ഒരു സ്വതന്ത്ര പ്രവാചകനും ഇനി വരില്ല ! മറ്റൊരു പുതിയ ദൈവീക നിയമവും സ്ഥാപിക്കുവാൻ ഇനി ആരും വരില്ല ! വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെപ്പോലെ പരിപൂർണ്ണനായ, മഹത്വമുടയവനായ, സമ്പൂർണ്ണനായ മറ്റൊരു പ്രവാചകനും ഇനി വരില്ല. എന്നാൽ അല്ലാഹുവിനോടും അവന്റെ പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ് (സ) നോടുമുള്ള സ്നേഹത്താൽ പൂർണ്ണമായി ലയിച്ചവരും, മാനവകുലോത്തമനായ മുഹമ്മദ് (സ) യുടെ പരിപൂർണ്ണ പ്രതിബിംബവുമായ പ്രവാചകൻമാർ വരുന്നതാണ് എന്നത് അനിഷേധ്യമായ യാഥാർത്ഥ്യമാണ്. ഈ ചെറിയ മുഹമ്മദ്മാർ അവസാനകാലത്തിലെ അന്ധകാരത്തിൽ പ്രകാശം പരത്തുന്നവരാണ്. മുസ്ലീങ്ങൾ ഉൾപ്പടെ എല്ലാ മതത്തിലെയും ആളുകളെയും ഇസ്ലാമിലേക്ക് മടക്കികൊണ്ടുവരുന്നവരാണ് ; അവരുടെ ജനനസമയത്ത് ഉണ്ടായിരുന്ന അവരുടെ യഥാർത്ഥ വിശ്വാസത്തിലേക്ക് !

വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) **"ഏക് ഗലത്തീ കാ ഇസാല"** / ഒരു തെറ്റിധാരണ നീക്കം ചെയ്യൽ എന്ന ഗ്രന്ഥത്തിൽ പറയുന്നു. **" ചുരുക്കത്തിൽ, ഖാത്തമുന്നബീയ്യീൻ എന്ന പദം ദൈവീക സീൽ ആകുന്നു. മുഹമ്മദ് (സ) യുടെ പ്രവാചകത്വത്തിന്റെ മേൽ അത് ചാർത്തിയിരിക്കുന്നു. ഇത് ഇല്ലായ്മ ചെയ്യുവാൻ ആർക്കും ഒരിക്കലും സാധ്യമല്ല. സാധിക്കുന്നത് ഇത്രമാത്രം, മുഹമ്മദ് (സ) ന് ഈ ലോകത്ത് ഒരു നിഴലായി പ്രത്യക്ഷപ്പെടാം ; ഒരിക്കലല്ല, ഒരായിരം പ്രാവശ്യം. അദ്ദേഹത്തിന്റെ പ്രതിബിംബമായി ; അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ എല്ലാ ശോഭയോടെയും പരിപൂർണ്ണതയോടെയും. അത്തരം നിഴൽ പ്രവാചകമാരുടെ ആഗമനത്തെക്കുറിച്ച് സർവ്വശക്തനായ അല്ലാഹു പറയുന്നു. " അവരോടൊപ്പം ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റുള്ളവരിലും" (64:2)**

കഴിഞ്ഞ കാലങ്ങളിൽ അല്ലാഹു (ത) എല്ലാ രാജ്യങ്ങളിലേക്കും പ്രവാചകമാരെ, ദൂതന്മാരെ, മസീഹ്മാരെ, പരിഷ്കർത്താക്കളെ നിയോഗിച്ചിട്ടുണ്ട്. ഈ ലോകത്ത് താമസിക്കുന്ന പുതു തലമുറയ്ക്ക് പ്രവാചകന്മാരെയും പരിഷ്കർത്താക്കളെയും അല്ലാഹു അയയ്ക്കുകയില്ല എന്നും അല്ലാഹു സംസാരം നിറുത്തിയിരിക്കുകയാണ് എന്നുമുള്ള കാര്യങ്ങൾ വളരെ കരുതലോടെ പറയേണ്ട കാര്യങ്ങളാണ് ! അവർക്കൊരു മുന്നറിയിപ്പുകാരനെ ലഭിക്കുന്നില്ലെങ്കിൽ, മുന്നറിയിപ്പു നൽകുവാൻ ഒരു ദൈവദൂതനെ ലഭിക്കുന്നില്ലെങ്കിൽ, അവരുടെ തെറ്റായ വഴിയിലൂടെയുള്ള സഞ്ചാരത്തിന് അവരെ നമുക്ക് കുറ്റം പറയുവാൻ കഴിയുമോ ? നിശ്ചയം ! അല്ലാഹു (ത) തന്റെ സൃഷ്ടികളോട് അനീതി പ്രവർത്തിക്കുകയില്ല. ഭൂമിയിൽ ഒരു മനുഷ്യനും ഇല്ലാതെയാകുന്നതുവരെ, അല്ലാഹു (ത) ഭൂമിയിൽ പ്രവാചകന്മാരെ അയച്ചുകൊണ്ടിരിക്കും, ജനങ്ങളെ അവരുടെ പ്രവർത്തനങ്ങൾ സംബന്ധമായി മുന്നറിയിപ്പ് നൽകുവാനായി, അവരെ ഇസ്ലാമിലേക്ക് മടക്കികൊണ്ടുവരുന്നതിനായി - സർവ്വശക്തനായ അല്ലാഹുവിന്റെ മുമ്പിൽ പരിപൂർണ്ണ അർപ്പണത്തിനായി - ജനങ്ങൾ ഉള്ളടത്തോളം കാലം, രാജ്യങ്ങൾ ഉള്ളടത്തോളം കാലം, അവിടെ മുന്നറിയിപ്പുകാരും ഉണ്ടാകും ; അവർക്ക് മുന്നറിയിപ്പ് നൽകുവാനായി അവർക്കായി മുന്നറിയിപ്പുകാരെ അയക്കും. അതുപോലെ അവർക്ക് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യും. അല്ലാഹുവിന്റെ സ്നേഹം, അനുകമ്പ ഇവ നേടുന്നതിനായി അവർ സ്വയം സംസ്ക്കരിക്കുന്നില്ലേ ? ദൈവത്തിന്റെ ഇംഗിതത്തിനനുസരിച്ച് ഭൂമിയിൽ അവർ പ്രവർത്തിക്കുവാൻ തയ്യാറാകുന്നില്ലേ ? ഈ താത്ക്കാലിക ലോകത്ത് കൂടുതൽ കാലം അവർക്ക് കഴിയുവാൻ കഴിയില്ലല്ലോ.

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അതായത് ഇസ്ലാമിനെ - ഒരു ജീവിത വഴിയായി, സമ്പൂർണ്ണമതമായി, നൽകി, ഭൂമിയിലെ പ്രവാചകത്വത്തിന്റെ മുദ്രയായി, സമ്പൂർണ്ണമനുഷ്യനായി, സമ്പൂർണ്ണ സേവകനായി തന്റെ പ്രിയ പ്പെട്ട പ്രവാചകനെ നിയോഗിക്കുകയുണ്ടായി. ഇതൊരു സൂചനയായിരുന്നു; ഇത് മുതൽ, പിന്തുടരാൻ ഒരു പരിപൂർണ്ണ മനുഷ്യനെ ലോകത്തിന് നൽകി. അദ്ദേഹം നിലനിന്നത് പോലെ മാനവരാശി തങ്ങളെ രൂപപ്പെടുത്തി യെടുക്കുവാൻ അദ്ദേഹത്തെ പകർത്തുവാൻ, അദ്ദേഹത്തിന്റെ പ്രതിബിംബമാകാൻ, അദ്ദേഹത്തിന്റെ നിഴലാ കാൻ ലോകത്തോട് ആഹ്വാനം ചെയ്തു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ടെ അനേകം പ്രതിബിംബങ്ങൾ വരുന്നതാണ്, ഇസ്‌ലാമിന്റെ ജീവിക്കുന്ന മഹത്വത്തെ പ്രതിനിധീകരിച്ചുകൊണ്ട് ! യഥാർത്ഥ ഭാഗ്യവാന്മാർ, അല്ലാഹു പരിശുദ്ധരാക്കിയവരാണ്, അവരുടെ ഭൂമിയിലെ ആഗമനത്തിന് മുമ്പ് തന്നെ, അവരെ അല്ലാഹു ദൈവ പ്രവാച കന്മാരെന്നും ഇസ്ലാമിന്റെ പരിഷ്കർത്താക്കളെന്നും പദവി നൽകിയവരാണ് ; അത്തരം പ്രവാചകന്മാർ ഇസ്ലാ മിന്റെ പ്രകാശ വാഹകരാണ്. ലോക ജനതയിൽ ഇസ്ലാമിന്റെ സത്യത സ്ഥാപിക്കുന്നവരാണ് ; ലോകജനതയെ ഒന്നായി കാണുന്നവരാണ്. കഴിഞ്ഞകാല ജനതകളും, ഇപ്പോഴത്തെ ജനതകളും വരുംകാല ജനതകളും തമ്മിലു ള്ള പ്രധാന വ്യത്യാസം ഇതാണ്. കഴിഞ്ഞകാല ജനങ്ങൾക്ക് വന്ന പ്രവാചകന്മാർ, മനുഷ്യകുലത്തിന്റെ ഏറ്റവും നല്ല മാതൃകയായ ആളിന്റെ ജനനത്തെപ്പറ്റിയും വരുന്ന സമയത്തെപ്പറ്റിയും പ്രവചനം ചെയ്തു. ഇപ്പോഴത്തെ ജനതയും വരുംകാല ജനതയും, നമ്മിൽ എപ്പോഴൊക്കെ പ്രവാചകന്മാർ എഴുന്നേൽക്കുമോ, അപ്പോൾ നാം അവരെ വിശുദ്ധരായി കണക്കാക്കുകയും, മറ്റുള്ളവരാൽ അപകീർത്തിപ്പെടുത്തുന്ന അവരുടെ മാന്യത വീണ്ടും സ്ഥാപിക്കുകയും ചെയ്യേണ്ടതാണ് ! അപമാനിക്കുന്നവരും അവരുടെ അപമാനങ്ങളും ഒരു പ്രയോജനവും ചെയ്യുകയില്ല. അല്ലാഹുവിന്റെ കോപം അവരുടെ മേൽ ഇറങ്ങുന്നതാണ്. എന്തു തന്നെയായാലും അല്ലാഹു (ത) അവന്റെ പ്രവാചകന്മാരുടെ മാന്യത സംരക്ഷിക്കുന്നതാണ്. അല്ലാഹു (ത) അവരുടെ എന്നന്നേക്കുമുള്ള സംര ക്ഷകനാണ്.

**" ഏക്ഗലത്തികാ ഇസാല"** എന്ന ഗ്രന്ഥത്തിൽ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ഇതും പ്രഖ്യാപിച്ചി രിക്കുന്നു. **" ഞാൻ മുഹമ്മദ് (സ) യുടെ പ്രതിച്ഛായയാണ്, അത് വിധിക്കപ്പെട്ട കാര്യമാണ്. ആയതിനാൽ എനിക്ക് പ്രതിച്ഛായ രൂപത്തിലുള്ള പ്രവാചകത്വം നൽകപ്പെട്ടിരിക്കുകയാണ്, ഇതിനെതിരിൽ നിൽക്കാൻ മുഴുലോകവും ചേർന്നാലും അശക്തമാണ്. കാരണം പ്രവാചകത്വത്തിന്റെ മേൽ ഒരു സീൽ പതിച്ചിരിക്കുന്നു. മുഹമ്മദ് (സ) ന്റെ പ്രതിഛായ പിൻതലമുറകളിൽ വരുമെന്നു വിധിച്ച കാര്യമാണ്; മുഹമ്മദ് (സ) ന്റെ എല്ലാ പരിപൂർണ്ണതകളോടെയും; അതിനാൽ അവൻ വന്നിരിക്കുന്നു. പ്രവാചകത്വമാകുന്ന ജലാശയത്തിൽ നിന്നുള്ള ജലം ലഭിക്കുവാനുള്ള ഒരേയൊരു വഴി ഇതു മാത്രമാണ്."** ഹസ്രത് മിർസാഗുലാം അഹ്മ്മദ് (അ) പ്രതിഛായ പ്രവാചകനാണ് ; പ്രതി ബിംബ പ്രവാചകനാണ്.

തന്റെ കാലഘട്ടത്തിലെ പ്രവാചകത്വസീൽ അതിനുണ്ട്, അല്ലാഹു (ത)അദ്ദേഹത്തിന്റെ ജമാ അത്തിന് വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ, അനുഗ്രഹിച്ചിരിക്കുന്നതുപോലെ ; ഇസ്ലാമിന് വളരുവാൻ പറ്റിയ ഏറ്റവും നല്ല സാഹചര്യവും പ്രദാനം ചെയ്തിരിക്കുന്നു; അതിൽ നിന്നും ചെറിയ മുഹമ്മദ്മാരും, ഗുലാം അഹ്മദ്മാരും, ഈ അനുഗ്രഹീത ദാസന്മാരുടെ, അല്ലാഹുവിന്റെ ദൂതന്മാരുടെ മഹത്വം ജീവിപ്പിക്കുന്നതാണ്. ഇത്തരം ആളു കൾ രക്ഷയുടെ വാതിലിന്റെ താക്കോലുകളാണ്; ഇഹലോകത്തേക്കും നാളെ പരലോകത്തേക്കും ! കാരണം ഇത് അല്ലാഹുവിനോടുള്ള അനന്തമായ അവരുടെ സ്നേഹാധിക്യം കൊണ്ടും, അല്ലാഹുവിന്റെ തൃപ്തിക്കായി അല്ലാഹുവിന്റെ ദൂതന്മാരോട് കാട്ടിയ പരസ്പര വിശ്വസ്തതയുടെയും ഫലമായി ലഭിച്ചതാണ്. നിശ്ചയം ഹസ്രത് ! മിർസാ ഗുലാം അഹ്മ്മദ് (അ) അല്ലാഹുവിനോടും, അവന്റെ മനുഷ്യ കുലോത്തമനും പ്രവാചക മുദ്രയുമായ പ്രിയ പ്രവാചകൻ മുഹമ്മദ് (സ) നോട് കാട്ടിയ സ്നേഹം പരിധിയില്ലാത്തതു തന്നെയാണ് !

ഇസ്ലാമിനെ മനുഷ്യ ഹൃദയങ്ങളിൽ സംരക്ഷിക്കുന്ന തന്റെ പ്രിയ പ്രവാചകന്മാരിലൂടെ മനുഷ്യകുലത്തെ അല്ലാഹു അനുഗ്രഹിക്കട്ടെ ! നാളത്തെ വഴിയറിയാത്ത ജനതയ്ക്ക് സന്മാർഗ്ഗത്തിനായി ! ആമീൻ സുമ്മ ആമീൻ.

**Translated& Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*

*******